compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജൂലൈ 07
Tuesday, 07th July 2026

1201 മിഥുനം 23
23rd Mithunam 1201

1948 ആഷാഢം 16
16th Ashadha 1948

വാല്യം 15
Vol. XV

നമ്പർ 27
No.

Part III

General Education Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(സാന്നിധ്യം : സിമി, എ. എസ്., ഗവ. അഡീഷണൽ സെക്രട്ടറി)

നമ്പർ എ3/24533/2024/ഡി.ജി.ഇ. 2026 ജൂൺ 18.

വിഷയം:—പൊതുവിദ്യാഭ്യാസം—ജീവനക്കാര്യം—ശ്രീ. നൗഷാദ്, എ. കെ., പ്രധാനാധ്യാപകൻ, ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, കന്യാകുളങ്ങര—എച്ച്.എസ്.എ. തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകരുടെ സംസ്ഥാനതല സീനിയോരിറ്റി പട്ടികയിലെ പേര് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) 13-11-2024, 23-12-2024 എന്നീ തീയതികളിലെ കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ എ5/2235/2024/ഡിഡിഇകെറ്റി എം നമ്പർ കത്ത്.

(2) 9-7-2024 തീയതിയിലെ വാല്യം 13 നമ്പർ 28 ഗസറ്റ് നോട്ടിഫിക്കേഷൻ (നമ്പർ എ3/6814/2024/ഡിജിഇ തീയതി 4-7-2024).

(3) 5-10-2024 തീയതിയിലെ വാല്യം 13 നമ്പർ 3142 ഗസറ്റ് നോട്ടിഫിക്കേഷൻ (നമ്പർ ഡി6/4687/2024/ഡിജിഇ തീയതി 4-10-2024)

(4) 13-5-2025 തീയതിയിലെ വാല്യം 14 നമ്പർ 19 ഗസറ്റ് നോട്ടിഫിക്കേഷൻ (നമ്പർ ഡിജിഇ/25210/2024/ഡി4 തീയതി 28-3-2025)

(5) 27-11-2025-ലെ ഈ കാര്യാലയത്തിൽ നിന്നും സർക്കാരിന് നൽകിയ ഇതേ നമ്പർ കത്ത്.

(6) പൊതു വിദ്യാഭ്യാസ (സി) വകുപ്പിന്റെ 6-6-2026 തീയതിയിലെ 304/സി2/2025-പൊ.വി.വ. നമ്പർ കത്ത്.

ഉത്തരവ്

കോട്ടയം ജില്ലയിലെ പാലാ എം. ജി. എച്ച്. എസ്. എസ്. പ്രധാനാധ്യാപകനായി സ്ഥാനക്കയറ്റം ലഭിച്ചതും നിലവിൽ തിരുവനന്തപുരം ജില്ലയിലെ കന്യാകുളങ്ങര ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ പ്രധാനാധ്യാപകനായി സേവനം അനുഷ്ഠിച്ചുവരുന്നതുമായ ശ്രീ. നൗഷാദ് എ. കെ. യുടെ പേരിലെ അക്ഷരത്തെറ്റ് പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന 1-1-2024 പ്രാബല്യത്തിൽ ഉള്ള ഹൈസ്കൂൾ അധ്യാപകരുടെ സീനിയോരിറ്റി പട്ടികയിലും (റാങ്ക് നമ്പർ. 957), പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന ഹൈസ്കൂൾ എച്ച്. എം./എ. ഇ. ഒ. സ്ഥാനക്കയറ്റത്തിന് അർഹരായ എച്ച്.എസ്.റ്റി-മാരുടെ 2024-ലെ സെലക്ട് ലിസ്റ്റിലും (സീരിയൽ നമ്പർ 165), പരാമർശം (4) പ്രകാരമുള്ള 1-1-2025 അടിസ്ഥാനമാക്കിയുള്ള എച്ച്. എം./എ. ഇ. ഒ. സീനിയോരിറ്റി പട്ടികയിലും (സീരിയൽ നമ്പർ 1304) NAUSHAD, A. K. (നൗഷാദ്, എ. കെ.)-ക്ക് പകരം NOUSHAD, A. K. എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ആയത് തിരുത്തി നൽകുന്നതിന് പരാമർശം (1) പ്രകാരം കോട്ടയം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിദ്യാഭ്യാസ ഉപ ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പട്ടികകൾ ഗസറ്റിൽ പ്രസിദ്ധീകരിച്ചതിനാൽ ആയതിൽ തിരുത്തൽ വരുത്തുന്നതിന് സർക്കാർ അനുമതി ലഭ്യമാകുന്നതിനായി പരാമർശം (5) പ്രകാരം അപേക്ഷയും അനുബന്ധ രേഖകളും സഹിതം സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. അതിൻപ്രകാരം ടിയാന്റെ പേരിൽ തിരുത്തൽ വരുത്തി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിന് പരാമർശം (6) സർക്കാർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 1-1-2024 പ്രാബല്യത്തിൽ ഉള്ള ഹൈസ്കൂൾ അധ്യാപകരുടെ സംസ്ഥാനതല സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ - 957 ആയി ഉൾപ്പെട്ടിട്ടുള്ള കന്യാകുളങ്ങര ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ പ്രധാനാധ്യാപകന്റെ പേര് NOUSHAD, A. K. എന്നതിന് പകരം NAUSHAD, A. K. (നൗഷാദ്, എ. കെ.) എന്ന് തിരുത്തി ഇതിനാൽ ഉത്തരവാകുന്നു. ഹൈസ്കൂൾ എച്ച്.എം./എ. ഇ. ഒ. സ്ഥാനക്കയറ്റത്തിന് അർഹരായ എച്ച്.എസ്.റ്റി-മാരുടെ സെലക്ട് ലിസ്റ്റിലും എച്ച്. എം./എ. ഇ. ഒ. സ്ഥാനക്കയറ്റ ഉത്തരവിലും തിരുത്തൽ വരുത്തിക്കൊണ്ടുള്ള ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഒപ്പ്)

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(ഗവ.അഡീഷണൽ സെക്രട്ടറി).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.07 04:58:18 +05:30